**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - **2022 ഡിസംബർ** മാസത്തിലെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ(സാധാ)നം.1364/2023/ധനം തീയതി, തിരുവനന്തപുരം, 24/02/2023**

പരമർശം :- 1) സ. ഉ. (എം.എസ്) നം.133/2022/ധന തീയതി:29.07.2022
2) സ. ഉ. (സാധാ) നം.6774/2022/ധന തീയതി:07.10.2022
3) സ. ഉ. (സാധാ) നം.8232/2022/ധന തീയതി 05.12.2022

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ **673569** ഗുണഭോക്താക്കൾക്ക് **2022** ഡിസംബർ മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,65,34,640/- രൂപ** ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ **673569** ഗുണഭോക്താക്കൾക്ക് **2022** ഡിസംബർ മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,65,34,640/-** രൂപ (നൂറ്റിയഞ്ച് കോടി അറുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിനാലായിരത്തി അറുന്നൂറ്റിനാല്പത് രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. (ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുൻ മാസത്തെ വിതരണം ചെയ്യാത്ത പെൻഷൻ തുക കൈവശം വെച്ചതിൻ 160 രൂപ പലിശ കിഴിവ് ചെയ്തതിനുശേഷമുള്ള തുക). ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. **2022** ഡിസംബർ മാസത്തിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/കുടുംബ/ മറ്റ് പെൻഷൻ, കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം സൂചന (1) -ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

4. ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം **2022 ഫെബ്രുവരി 25** ന് ആരംഭിക്കേണ്ടതും **2022 മാർച്ച് 04**–നകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള **110110801000251 നമ്പർ** (IFS Code KSBK0000101) അക്കൗണ്ടിൽ 2022 **മാർച്ച്** 14 നകം തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

5.കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പെൻഷൻ വിതരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതോടൊപ്പം ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രദീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-2090072/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക രൂപയിൽ)

| | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം (2022 ഡിസംബർ) | 2022 ഡിസംബർ മാസത്തേക്ക് അനുവദിക്കേണ്ട തുക | അനുവദിക്കേണ്ട എസ്.റ്റി.എസ് .ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 16127 | 25803200 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 254000 | 406400000 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 68914 | 110262400 | സബ് ട്രഷറി , തൃശ്ശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ | 57501 | 74751300 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 5889 | 9422400 | ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 77538 | 124060800 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 573 | 916800 | STSB:701011400000114 ജില്ലാ ട്രഷറി തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 13025 | 16932500 | STSB:799011400007521, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 9 | ചുമട്ടു തൊഴിലാളി | 4775 | 7640000 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 834 | 1321440 (160 രൂപ പലിശ കിഴിവ് ചെയ്തു) | STSB: 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 719 | 1150400 | കാനറാ ബാങ്ക് ,കോട്ടയം ,CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 10892 | 17427200 | സബ് ട്രഷറി , അങ്കമാലി, 711090100000664 |
| 13 | ബീഡി & സിഗാർ തൊഴിലാളി | 3423 | 5471800 | കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026 |
| 14 | തയ്യൽ തൊഴിലാളി | 87605 | 140168000 | ഐ സി ഐ സി ഐ ,പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 9035 | 14456000 | കേരള ബാങ്ക്, മെയിൻ ബ്രാഞ്ച്, കണ്ണൂർ, KSBK0001735, 173512801000592 |
| 16 | കശുവണ്ടി തൊഴിലാളി | 62719 | 100350400 | എസ് ബി ഐ ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| | **ആകെ** | **673569** | **1056534640** | |